**വിരമിച്ച കരസേന ജീവനക്കാരെ തങ്ങളുടെ തൊഴിൽ സേനയിൽ ചേർക്കുന്നതിനായി ‘ഫ്ളിപ്പ്മാർച്ച്’ സംരംഭം പ്രഖ്യാപിച്ച് ‘ഫ്ളിപ്പ്കാർട്ട്**

- പ്രതിരോധ സേനയുമായി അടുത്ത് സഹകരിച്ച് മുൻ ഉദ്യോഗസ്ഥർക്ക് ഇ-കൊമേഴ്സിൽ തൊഴിൽ അഭിവൃദ്ധി പകരാൻ ലക്ഷ്യമിടുന്നു
- തിരഞ്ഞെടുത്ത സൈനികരെ വിവിധ റോളുകളിൽ തിരിച്ചറിയാനും ജോലിയിൽ കയറാനും സഹായിക്കുന്നതിന് ആർമി വെൽഫെയർ പ്ലേസ്മെന്റ് ഓർഗനൈസേഷനുമായി (എഡബ്ല്യുപിഒ) പങ്കാളിത്തം.
- കോർപ്പറേറ്റ്, സപ്ലൈ ചെയിൻ റോളുകൾ ഉൾപ്പെടെയുള്ള മൂല്യ ശൃംഖലയിലുടനീളം മുൻ സൈനികർക്ക് തൊഴിൽ നൽകി പരിശീലനവും മാർഗനിർദേശവും നൽകും.

**ബെംഗലൂരു:** ഇന്ത്യയുടെ ആഭ്യന്തര ഇ-കൊമേഴ്സ് വിപണന കേന്ദ്രമായ ഫ്ളിപ്കാർട്ട്, ഫ്ളിപ്മാർച്ച് സംരംഭത്തിലൂടെ സായുധ സേനയുമായുള്ള സഹകരണം പ്രഖ്യാപിച്ചു. ഈ സംരംഭത്തിന്റെ ഭാഗമായി, ഓർഗനൈസേഷനിലുടനീളമുള്ള റോളുകളിൽ തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെ തിരിച്ചറിയുന്നതിനും ഓൺബോർഡ് ചെയ്യുന്നതിനും ആർമി വെൽഫെയർ പ്ലേസ്മെൻറ് ഓർ ഗനൈസേഷനുമായും (എഡബ്ല്യുപിഒ) ഫ്ളിപ്കാർട്ട് പങ്കാളിത്തത്തിൽ ഏർപ്പെട്ടു.

ഈ സംരംഭത്തിന് കീഴിൽ, തടസ്സമില്ലാത്ത പരിവർത്തനം സാധ്യമാക്കുന്നതിനും വിവിധ കോർപ്പറേറ്റ് തൊഴിൽ റോളുകളുടെ സൂക്ഷ്മത പഠിക്കാൻ സഹായിക്കുന്നതിനുമായി തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ഇഷ്ടാനുസൃതം ഇൻഡക്ഷൻ, സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, ക്യൂറേറ്റഡ് പഠന പ്രോഗ്രാമുകൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. ഫ്ളിപ്പ്കാർട്ടിൽ മുൻ സൈനികരെ നിയമിക്കുന്നതിലൂ ടെ പുതിയ കരിയർ പാതകളിലേക്ക് അവർക്ക് അവസരങ്ങൾ നൽകാനും സായുധ സേനയിലെ സേവ നത്തിന് ശേഷം കൂടുതൽ ഓപ്ഷനുകൾ വാഗ്ദാനം ചെയ്യാനും സഹായിക്കും.

‘‘സമൂഹത്തിന്റെയും പങ്കാളികളുടെയും വികസനത്തിനായി പ്രവർത്തിക്കുന്ന ഒരു സാമൂഹിക ഉത്തരവാദിത്തമുള്ള സംഘടനയാണ് ഫ്ളിപ്കാർട്ട്. സായുധ സേനയിലെ നിരവധി മുൻ അംഗങ്ങൾ പ്രധാന ചാർട്ടറുകളിലായി നിലവിൽ ഫ്ളിപ്പ്കാർട്ടിൽ ഉണ്ട്, ഇത് മുന്നോട്ട് കൊണ്ടുപോകുന്നതിന് ഫ്ളിപ്പ്മാർച്ച് സംരംഭം പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. സായുധ സേനയിലെ അംഗങ്ങളുടെ വിശ്വസ്തത, അച്ചടക്കം, റിസ്ക് എടുക്കൽ കഴിവ് എന്നിവ ഫ്ളിപ്കാർട്ടിന് വളരെയധികം വിലമതിക്കുന്നു, മാത്രമല്ല ശക്തമായ ഒരു സംഘടന കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്യും ‘. സംരംഭത്തെക്കുറിച്ച് സംസാരിക്കവെ **ഫ്ളിപ്കാർട്ട് ചീഫ് പീപ്പിൾസ് ഓഫീസർ കൃഷ്ണ രാഘവൻ** പറഞ്ഞു.

‘ രാജ്യത്തെ സേവിക്കുന്ന രണ്ട് സ്വാധീനമുള്ള സേവന ദാതാക്കളെ ഒരുമിച്ച് കൊണ്ടുവരുന്നതാണ് ഈ പങ്കാളിത്തം - ഒന്ന് പ്രമുഖ ആഭ്യന്തര ഇ-കൊമേഴ്സ് വിപണന കേന്ദ്രവും മറ്റൊന്ന് ഇന്ത്യൻ ആർമി വെറ്ററൻമാർക്ക് അവസരമൊരുക്കുന്ന സംഘടനയും. പരസ്പരം കരുത്ത് നൽകുന്നതിലുള്ള ഇരുസംഘടനകളുടെയും അർപ്പണബോധത്തെ കാണിക്കുന്നതാണ് ഫ്ളിപ്കാർട്ടും എഡബ്ല്യുപിഒയും തമ്മിലുള്ള ഈ കരാർ. വിരമിച്ച സൈനികർക്ക് അർത്ഥവത്തായ അവസരങ്ങളും ഇതിലൂടെ നൽകുന്നു. ഫ്ളിപ്കാർട്ടുമായുള്ള ബന്ധം നിരന്തരം തുടരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.‘ **എഡബ്ല്യുപിഒ മാനേജിംഗ് ഡയറക്ടർ മേജർ ജനറൽ ദീപക് സപ്ര** പറഞ്ഞു.

എഡബ്ല്യുപിഒയുടെ കണക്ക് പ്രകാരം, 30-40 വയസ് പ്രായമുള്ള 50,000ൽ അധികം ഉദ്യോഗസ്ഥർ ഓരോ വർഷവും സേനയിൽ നിന്നും വിരമിക്കുന്നു, ഇവർ ലോജിസ്റ്റിക്സ്, വർക്ക്ഫോഴ്സ്

മാനേജ്മെന്റ്, പ്രതിസന്ധി കൈകാര്യം ചെയ്യൽ എന്നിവയിൽ നന്നായി പരിശീലനം നേടിയവരാണ്, അവരെ വലിയ ഓർഗനൈസേഷനുകൾക്ക് അനുയോജ്യമായ തിരഞ്ഞെടുപ്പാക്കി ഇത് മാറ്റുന്നു.

’കൂടുതൽ ഉത്തരവാദിത്തമുള്ള ഒരു കോർപ്പറേറ്റ് സംസ്കാരം കെട്ടിപ്പടുക്കുന്നതിൽ ഞങ്ങൾ മുന്നോട്ട് പോകുമ്പോൾ ഞങ്ങളുടെ പങ്കാളികളെയും ഒരുമിച്ച് കൊണ്ടുവരുന്നതിന്റെ പ്രാധാന്യം ഫ്ളിപ്കാർട്ട് മനസ്സിലാക്കുന്നു. മുൻ സേനാംഗങ്ങളെ ഞങ്ങളുടെ തൊഴിൽ സേനയിൽ ഉൾപ്പെടുത്തുന്നത് സായുധ സേനയോടുള്ള നമ്മുടെ പ്രതിബദ്ധതയുടെ തെളിവായി നിലകൊള്ളുന്നു, ഇത് ദീർഘകാലത്തേക്കുള്ള ബന്ധത്തിന്റെ സ്വരമാക്കുകയും ചെയ്യും. ഞങ്ങളുടെ മൂല്യ ശൃംഖലയിലേക്ക് അവരെ ഉൾപ്പെടുത്തുന്ന തിലൂടെ പെട്ടെന്നുള്ള തീരുമാനങ്ങളെടുക്കാനും നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന അന്തരീക്ഷത്തിൽ ഫലങ്ങൾ നൽകാനുമുള്ള അവരുടെ കഴിവ് ഉപയോഗിച്ച് ചടുലമായി പ്രവർത്തി ക്കാൻ ഞങ്ങളെ സഹായിക്കും. **’ഫ്ളിപ്കാർട്ട് ചീഫ് കോർപ്പറേറ്റ് അഫയേഴ്സ് ഓഫീസർ രജനീഷ് കുമാർ പറഞ്ഞു.**

കോർപ്പറേറ്റ് ഓഫീസുകൾ, സപ്ലൈ ചെയിൻ പ്രവർത്തനങ്ങൾ, സുരക്ഷാ മാനേജ്മെൻറ് എന്നിവയിലുടനീളം നിരവധി മുൻ ആർമി ഉദ്യോഗസ്ഥരെ ഫ്ലിപ്പ്കാർട്ട് നിലവിൽ വിന്യസിച്ചിട്ടുണ്ട്. കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇവർ പ്രധാന പങ്ക് വഹിക്കുന്നു. കോർപ്പറേറ്റ് ഓഫീസുകളിൽ 12,000 ത്തിലധികവും വിതരണ ശൃംഖലയിൽ 1.8 ലക്ഷത്തോളവും ജോലിക്കാരുള്ള ഫ്ളിപ്കാർട്ട്, വൈവിധ്യമാർന്ന ബിസിനസ്സ് പ്രവർത്തനങ്ങളിൽ വേഗത്തിലുള്ള അന്തരീക്ഷത്തിൽ പ്രവർത്തിക്കാനുള്ള അവസരം നൽകുന്നു.

**About the Flipkart Group**

The Flipkart Group is one of India's leading digital commerce entities and includes group companies Flipkart, Myntra, and PhonePe. Started in 2007, Flipkart has enabled millions of consumers, sellers, merchants, and small businesses to be a part of India's e-commerce revolution, with a registered customer base of over 300 million, offering over 150 million products across 80+ categories. Our efforts to democratize e-commerce in India, drive access and affordability, delight customers, create lakhs of jobs in the ecosystem and empower generations of entrepreneurs and MSMEs have inspired us to innovate on many industry firsts. The recent launch of Flipkart Wholesale, our new digital marketplace, is a testament to our commitment to accelerate the growth of kiranas and MSMEs in India. Flipkart is known for pioneering services such as Cash on Delivery, No Cost EMI and easy returns – customer-centric innovations that have made online shopping more accessible and affordable for millions of Indians. Together with Myntra, which holds a prominent position in the online fashion market, PhonePe, India's fastest growing digital payments platform, and now Flipkart Wholesale, the Flipkart Group will continue to steer the transformation of commerce in India through technology.

**For more information, please contact media@flipkart.com**